കേരളീയം

# ജീവിക്കാനുള്ള അവകാശം

ഒരു ജനാധിപത്യഭരണകൂടത്തിന് പ്രാഥമികമായി ബാധ്യതയുള്ളത് ആരോടാണ് ? സാധാരണക്കാരായ ജനങ്ങളോടോ, അതോ ബഹുരാഷ്ട്രശക്തിയായ ഒരു കീടനാശിനി കമ്പനിയോടൊ? ഈയൊരു ചോദ്യത്തിന് ഉത്തരം തരുകയാണ് എൻഡോസൾഫാൻ നിരോധനം നീക്കം ചെയ്തതിലൂടെ നമ്മുടെ ഗവർമെന്റ്.

കാസർഗോഡ് ജില്ലയിലെ എൺമകജെ പഞ്ചായത്തിൽ നടത്തിയ ഒരു സർവ്വേപ്രകാരം 10 വർഷത്തിനുള്ളിൽ അർബുദം ബാധിച്ച് മരിച്ചവരുടെ എണ്ണം 53 ആണ്. 49 പേർ മനോരോഗികളായി. 38 പേർക്ക് ബുദ്ധിമാന്ദ്യവും 33പേർക്ക് അപസ്മാരവും 17പേർക്ക് കണ്ണുരോഗവും പിടിപെട്ടു. വലിയ തലയും വിരൂപമായ ശരീരാവയവങ്ങളുമായി ജനിതകവൈകല്യങ്ങളോടെ പിറന്നുവീഴുന്ന ശിശുക്കൾ. കൃഷിവകുപ്പും പ്ലാന്റേഷൻ കോർപ്പറേഷനും കീടനാശിനി നിർമ്മാതാക്കളും തമ്മിലുണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിന്റെ ദുരന്തഫലം അനുഭവിക്കുകയാണ് ഈ നാട്ടുകാർ.

എൻഡോസൾഫാൻ സൃഷ്ടിക്കുന്ന പാരിസ്ഥിതിക-ജൈവദുരന്തങ്ങൾ തുറന്നുകാട്ടിക്കൊണ്ട് പരിസ്ഥിതി പ്രവർത്തകരും പിന്നീട് മാധ്യമങ്ങളും രംഗത്ത് വന്നപ്പോൾ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി അഞ്ച് വർഷത്തേക്ക് നിരോധിച്ച് മുഖം രക്ഷിക്കുകയായിരുന്നു അധികൃതർ. ഇപ്പോൾ നിരോധനം നീക്കി പൂർവ്വാധികം ശക്തിയോടെ എൻഡോസൾഫാനെ തിരിച്ചുകൊണ്ടുവരുന്നതും അവർ തന്നെ.

ഹെലികോപ്റ്റർ വഴി മരുന്നുതളി നടത്തില്ലെന്ന് പറയുന്നുണ്ടെങ്കിലും ധാരാളം പുഴകളും ജലാശയങ്ങളുമുള്ള കാസർഗോഡ് ജില്ലയിൽ കൈകൊണ്ടുള്ള കീടനാശിനിപ്രയോഗംപോലും സൃഷ്ടിക്കുന്ന മാരകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ഉത്തരവാദപ്പെട്ടവർ പാലിക്കുന്ന മൗനം കുറ്റസമ്മതത്തിന്റേതു തന്നെയാണ്. 'ഒരു കാര്യം ശരിയോ തെറ്റോ എന്നറിയാൻ അത് സമൂഹത്തിലെ ഏറ്റവും ദരിദ്രനായ ഒരാളെ എങ്ങനെ ബാധിക്കുന്നുവെന്ന് നോക്കുക. അങ്ങനെ അതിന്റെ ശരി തെറ്റുകൾ നിർണ്ണയിക്കുക' എന്നുപറഞ്ഞത് ഗാന്ധിജിയാണ്. അദ്ദേഹത്തിന്റെ പിന്മുറക്കാർ എന്നു നടിക്കുന്നവർ ഭരണം നടത്തുന്ന നാട്ടിലാണ് ഒരു സമൂഹത്തെയാകെ രോഗഗ്രസ്ഥമാക്കുകയും വരുംതലമുറയിലേക്ക് പകരുകയും ചെയ്യുന്ന വിഷം വീണ്ടും വീണ്ടും പ്രയോഗിക്കപ്പെടുന്നത്.

എൻഡോസൾഫാൻ വീണ്ടും കൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങൾ തടയേണ്ടത് ജനങ്ങളാണ്. അത്തരമൊരു ശ്രമം ജനമധ്യത്തിൽ നിന്ന് ഉണ്ടായില്ലെങ്കിൽ പദ്രേകളും ബോവിക്കാനങ്ങളും ഇനിയും ആവർത്തിക്കും.